LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ 2007-ൽ ബഹു.ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25-8-2008-ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 13-3-2015-ലെ സ.ഉ.(പി)നമ്പർ 104/2015/ആർഡി (എസ്.ആർ.ഒ. 125/2015) നോട്ടിഫിക്കേഷൻ അനുസരിച്ച് ചെയർമാനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) റൂൾസ് രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

തവനൂർ മിനിപമ്പ വികസന പ്രവർത്തനം

107 (2316) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂർ മണ്ഡലത്തിലെ മിനിപമ്പയെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാന വികസന പ്രവർത്തനത്തിനായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നൽകുന്ന കാര്യം പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 2012, 2013, 2014 വർഷങ്ങളിൽ ശബരിമല സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം വകുപ്പിന്കീഴിൽ 28 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 10 ലക്ഷം രൂപ മുടക്കി ടൂറിസം വകുപ്പ് സുരക്ഷാവേലി നിർമ്മിച്ചിട്ടുണ്ട്.

ശബരിമലയുടെ മാസ്റ്റർപ്ലാൻ

108 (2317) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ പുതിയ മാസ്റ്റർപ്ലാനിന്റെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്ലാൻ പ്രകാരം എത്ര കോടി രൂപയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായി എരുമേലിയിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശബരിമല വികസനത്തിനായി പുതിയ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ബഹു. സുപ്രീംകോടതിയുടെ അംഗീകാരത്തോടെ 2050 വരെയുള്ള പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് 2007-ൽ ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർപ്ലാനിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആയതുപ്രകാരം 39 കോടി രൂപ ചെലവഴിച്ച് ശബരിപീഠംമുതൽ മരക്കൂട്ടംവരെയുള്ള കൃകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിന്റെ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം, കുടുവാത്തോടിലെ ചെക്ക് ഡാമിന്റെ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇന്റർലോക്ക് വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ

LIBRARY ARCHIVES Kerala Legislative Assembly